# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 489

## 04/02/2020 ൽ മറുപടി നൽകേണ്ടത്

**ക്ഷേമ പെൻഷൻ മസ്റ്ററിംഗ്**

**ചോദ്യം**
ശ്രീ. കെ. ദാസൻ

**മറുപടി**
ഡോ. റ്റി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് ക്ഷേമ പെൻഷൻ മസ്റ്ററിംഗിനു ശേഷം എത്ര പേരെയാണ് അനധികൃത പെൻഷൻ വാങ്ങുന്നവരായി കണ്ടെത്തി ഒഴിവാക്കാനായത് ; വിശദമാക്കാമോ | ക്ഷേമ പെൻഷനിൽ സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഉൾപ്പെടുന്നു. സേവന സോഫ്റ്റ് വെയറിലെ കണക്കുകൾ പ്രകാരം ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗിൽ 2020 ജനുവരി 31 വരെ 402059 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃപട്ടികയിൽ നിന്നും, 86723 പേർ സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്തൃപട്ടികയിൽ നിന്നും ഒഴിവായിട്ടുണ്ട്. ഇവരിൽ പല കാരണങ്ങളാലും മസ്റ്ററിംഗ് നടത്താൻ കഴിയാതെ പോയവരും ഉൾപ്പെട്ടിരിക്കാം. അവരുടെ കൂടി വിവരങ്ങൾ ലഭിച്ചതിനു ശേഷമേ ഇക്കാര്യത്തിലെ അന്തിമ കണക്കുകൾ വ്യക്തമാകുകയുള്ളൂ. അതേസമയം മരണപ്പെട്ടവരുടെ പേരിലും അനർഹരായവരും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയിരുന്നു എന്ന നിഗമനത്തിലേയ്ക്കാണ് ഈ കണക്കുകൾ എത്തിക്കുന്നത്. |
| (ബി) | ഇതുവഴി ക്ഷേമ പെൻഷൻ ഇനത്തിൽ എത്ര രൂപയാണ് സർക്കാരിന് അധികമായി ലഭിക്കുന്നത് ; | ഇപ്പോഴത്തെ കണക്കുകൾ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ പ്രതിമാസം ഏകദേശം 48.25 കോടി രൂപയും ക്ഷേമനിധി |

| | | |
|---|---|---|
| | വിശദമാക്കാമോ? | ബോർഡിൽ 10.41 കോടി രൂപയും ഉൾപ്പെടെ ആകെ 58.66 കോടി രൂപ പ്രതിമാസ ചെലവ് കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ